REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 07-08-2024 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- വയനാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിൽ 152 പേരെ ഇനിയും കണ്ടെത്താനുണ്ടെന്ന് മന്ത്രി K. രാജൻ. തെരച്ചിൽ ഇന്നും തുടരും. ഇന്നലെ മൃതദേഹങ്ങളൊന്നും കണ്ടെത്തിയില്ല.
- ബംഗ്ലാദേശിലെ ഇടക്കാല ഗവൺമെന്റ് തലവനായി നൊബേൽ സമ്മാന ജേതാവ് മുഹമ്മദ് യൂനസിനെ നിയമിച്ചു .
- ഇന്ന് ദേശീയ കൈത്തറി ദിനം. കൈത്തറി അവാർഡുകൾ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ന്യൂഡൽഹിയിൽ സമ്മാനിക്കും.
- മാലിന്യമുക്ത കേരളത്തിലേക്ക് ഇനിയും ഏറെ ദൂരം സഞ്ചരിക്കാനുണ്ടെന്ന് മന്ത്രി MB രാജേഷ്.
- പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയുടെ ആദ്യ സ്വർണ പ്രതീക്ഷയുമായി വിനേഷ് ഫോഗട്ട് വനിതകളുടെ 50 കിലോഗ്രാം റെസ്-ലിംഗ് വിഭാഗം ഫൈനലിൽ ഇന്ന് മത്സരിക്കും.
- ഇന്ത്യ-ശ്രീലങ്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഉച്ചകഴിഞ്ഞ്.

## വാർത്തകൾ വിശദമായി

മുണ്ടക്കൈ , ചൂരൽമല ഉരുൾപ്പൊട്ടൽ ദുരന്തത്തിൽ 152 പേരെയാണ് കാണാതായതെന്ന് മന്ത്രി K. രാജൻ പറഞ്ഞു. ഇവരുടെ പേരും വിലാസവും ഫോട്ടോയും ഉൾപ്പടെ കരട് പട്ടിക പ്രസിദ്ധീകരിച്ചതായും മന്ത്രി അറിയിച്ചു. കാണാതായവരുടെ ബന്ധുക്കൾ DNA

**പരിശോധനയ്ക്കായി രക്തസാമ്പിളുകൾ നൽകാൻ തയ്യാറാകണമെന്ന് മന്ത്രി പറഞ്ഞു. തിരിച്ചറിയാത്ത 44 മൃതദേഹങ്ങളും 176 ശരീരഭാഗങ്ങളും ഇതുവരെ സംസ്ക്കരിച്ചതായി മന്ത്രി പറഞ്ഞു. ഹാരിസൺ മലയാളം പ്ലാന്റേഷൻ ഏറ്റെടുത്ത 64 സെന്റിനു പുറമേ 25 സെന്റ് ഭൂമി കൂടി ഏറ്റെടുത്തുവെന്നും, മൃതദേഹങ്ങൾ സംസ്കരിക്കുന്നത് ഈ പ്രദേശത്താണെന്നും മന്ത്രി അറിയിച്ചു. മന്ത്രിസഭാ ഉപസമിതി യോഗത്തിനു ശേഷം കല്പറ്റയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.**

**യോഗത്തിൽ മന്ത്രിമാരായ PA മുഹമ്മദ് റിയാസ്, O.R. കേളു , A.K ശശീന്ദ്രൻ എന്നിവരും പങ്കെടുത്തു. ക്യാമ്പിൽ താമസിക്കുന്നവർ ഒഴിയുന്ന മുറയ്ക്ക് GVHS വെള്ളാർമലയിലെ കുട്ടികൾക്ക് GHSS മേപ്പാടിയിലും GLPS മുണ്ടക്കൈയിലെ വിദ്യാർത്ഥികൾക്ക് GLPS മേപ്പാടിയിലും പഠന സൗകര്യം ഒരുക്കും. വളർത്തു മൃഗങ്ങളെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു.**

**✪✪✪**

**ചാലിയാർ തീരത്തെ ദുർഘട മേഖലയായ സൺറൈസ് വാലിയിലെ ദൗത്യ സംഘത്തിന്റെ പരിശോധന ഇന്നും തുടരുമെന്ന് മന്ത്രി K . രാജൻ പറഞ്ഞു. വയനാട് കളക്ടറേറ്റിൽ മന്ത്രിസഭാ ഉപസമിതിയുടെ സാന്നിധ്യത്തിൽ ചേർന്ന വിവിധ സേനാ വിഭാഗങ്ങളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.**

**ത്രിതല പഞ്ചായത്ത് അധ്യക്ഷൻമ്മാരുടെയും സെക്രട്ടറിമ്മാരുടെയും അടിയന്തര യോഗം ഇന്ന് കളക്ട്രേറ്റിൽ ചേരും.**

**✪✪✪**

**വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ എട്ടാം ദിനമായ ഇന്നലെ തെരച്ചിലിൽ മൃതദേഹങ്ങളൊന്നും കണ്ടെത്തിയില്ല. എന്നാൽ ഏഴ് ശരീരഭാഗങ്ങൾ ലഭിച്ചു. ദുരന്തത്തിൽ 224 പേർ മരിച്ചെന്നാണ് ഇതുവരെ ഔദ്യോഗികമായി സ്ഥിരീകരിച്ചത്. വയനാട്ടിൽ നിന്നും 148 മൃതദേഹങ്ങളും നിലമ്പൂരിൽ നിന്നും 76 മൃതദേഹങ്ങളുമാണ് ലഭിച്ചത്. 189 ശരീരഭാഗങ്ങളും ലഭിച്ചു. 178 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടു നൽകി.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**.......(വോയ്സ്).....**

ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രമായ പുഞ്ചിരിമട്ടം മുതൽ താഴേക്ക് മുണ്ടക്കൈയും ചൂരൽമലയും അടക്കം മേപ്പാടി പഞ്ചായത്തിലെ ഭാഗങ്ങളിലും സൂചിപ്പാറ വെള്ളച്ചാട്ടം മുതൽ പോത്തുകല്ല്, നിലമ്പൂർ വരെ ചാലിയാറിലും ഇന്നലെ സൂക്ഷ്മ പരിശോധന നടത്തി. മേപ്പാടി മേഖലയിൽ ഉരുൾ പ്രവാഹത്തിന്റെ വഴികളിലൂടെയായിരുന്നു പരിശോധന. സൂചിപ്പാറ ഭാഗത്തിനു താഴെ ദുർഘടമായ സൺറൈസ് വാലിയിൽ ഹെലികോപ്റ്ററിൽ ദൗത്യസംഘത്തെ ഇറക്കിയും പരിശോധിച്ചു. ഈ പരിശോധനകൾ ഇന്നും തുടരും. മേപ്പാടി ഭാഗത്ത് മൂന്ന് ശരീരഭാഗങ്ങളും നിലമ്പൂരിൽ നിന്നും നാല് ശരീരഭാഗങ്ങളുമാണ് കിട്ടിയത്. കാണാതായവരെ കണ്ടെത്താൻ സാധ്യതകളൊന്നും ബാക്കിനിർത്താതെ തെരച്ചിലാണ് സൈന്യം, വനം വകുപ്പ്, ഫയർ ഫോഴ്സ് എന്നിവരടങ്ങിയ രക്ഷാസേന നടത്തിയത്.

തെരച്ചിലിൽ വിവിധ സേനകളിൽ നിന്നായി 1,174 പേരെയാണ് വിന്യസിച്ചത്. പ്രദേശവാസികളും സേനാംഗങ്ങളോടൊപ്പം ചേർന്നു. പൊലീസ്, കരസേന, തമിഴ്നാട് അഗ്നിരക്ഷാ സേന എന്നിവയുടെ ഡോഗ് സ്ക്വാഡ് തെരച്ചിലിന് രംഗത്തുണ്ട്. അതിനിടെ, രക്ഷാപ്രവർത്തനത്തിൽ കൈകോർക്കാൻ ജില്ലാ ഭരണകൂടം ഒരുക്കിയ സംവിധാനത്തിലൂടെ 18,000 പേർ വോളണ്ടിയർമാരായി രജിസ്റ്റർ ചെയ്തു.

ദുരന്തത്തിൽ തകർന്ന മുണ്ടക്കൈ, വെള്ളാർമല സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മേപ്പാടി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ബദൽ സൗകര്യമൊരുക്കും. ഈ സ്കൂളുകളിൽ ഒന്നാം പാദ പരീക്ഷ മാറ്റിവെച്ചു. നഷ്ടമായ സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കാൻ നടപടികളും അതിവേഗം പുരോഗമിക്കുന്നു.

✪✪✪

ചാലിയാർ പുഴയിൽ ഇന്നലെ നടത്തിയ തിരച്ചിലിൽ മുണ്ടേരി കുമ്പളപ്പാറ ഭാഗത്തുനിന്നായി രണ്ട് ശരീരഭാഗങ്ങളാണ് ലഭിച്ചത്.

ജില്ലയിൽ ഇതുവരെ ലഭിച്ച 76 മൃതദേഹങ്ങളുടെയും 161 അവശിഷ്ടങ്ങളുടെയും പോസ്റ്റ് മോർട്ടം പൂർത്തിയായി. 223 എണ്ണം വയനാട്ടിലേക്ക് കൊണ്ട് പോയി. മൂന്നെണ്ണം ബന്ധുക്കൾ ഏറ്റെടുത്തു. ഏഴ് ശരീര ഭാഗങ്ങൾ പൂർണമായി DNA പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സൂക്ഷിച്ച നാല് ശരീരഭാഗങ്ങൾ ഉടൻ വയനാട്ടിലേക്ക് കൊണ്ട് പോകും.

✪✪✪

**വയനാട് ജില്ലയിൽ കാല വർഷക്കെടുതിയുടെ ഭാഗമായി 34 ദുരിതാശ്വാസ ക്യാമ്പുകളിലായി നിലവിൽ 1,151 കുടുംബങ്ങളിലെ 3,953 പേരാണ് കഴിയുന്നത്.**

**ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 16 ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്. 648 കുടുംബങ്ങളിലെ 2,225 ആളുകളാണ് ക്യാമ്പുകളിലുള്ളത്.**

✪✪✪

**ചൂരൽമല, അട്ടമല, മുണ്ടക്കൈ പ്രദേശങ്ങളിൽ 310 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചെന്നാണ് കൃഷി വകുപ്പിന്റെ പ്രാഥമിക കണക്ക്.**

**50 ഹെക്ടർ സ്ഥലത്തെ ഏലവും , 100 ഹെക്ടറിൽ കാപ്പിയും , 70 ഹെക്ടറിൽ കുരുമുളകും, 55 ഹെക്ടർ തേയിലയും, 10 ഹെക്ടർ നാളികേരവും, 15 ഹെക്ടർ കമുക് കൃഷിയും, 10 ഹെക്ടർ വാഴയും നശിച്ചെന്നാണ് കണക്കാക്കുന്നത്.**

✪✪✪

**വയനാട് ഉരുൾപൊട്ടലിന്റെ സാഹചര്യത്തിൽ മാനസികാരോഗ്യം ഉറപ്പാക്കാനായി മൊബൈൽ മെന്റൽ ഹെൽത്ത് യൂണിറ്റ് സജ്ജമാക്കിയതായി മന്ത്രി വീണാ ജോർജ് പറഞ്ഞു. മാനസികാരോഗ്യ പിന്തുണയ്ക്കായി ഗ്രൂപ്പ് കൗൺസിലിംഗും വ്യക്തിഗത കൗൺസിലിംഗും നൽകുന്നുണ്ടെന്നും, മാനസികാരോഗ്യം ഉറപ്പാക്കാനായി മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സേവനം കൂടി ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.**

**സ്റ്റേറ്റ് മെന്റൽ ഹെൽത്ത് നോഡൽ ഓഫീസർ വയനാട്ടിലെത്തി പ്രവർത്തനങ്ങൾ നേരിട്ട് ഏകോപിക്കും. ദുരന്തമുഖത്ത് സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ മാനസിക സംഘർഷം കുറയ്ക്കാൻ നടപടി സ്വീകരിക്കാൻ നിർദേശം നൽകിയതായും മന്ത്രി പറഞ്ഞു. വിദഗ്ധ ചികിത്സയ്ക്കായി സൂപ്പർ സ്പെഷ്യാലിറ്റി ടെലി കൺസൾട്ടേഷൻ സേവനവും ലഭ്യമാക്കും. ക്യാമ്പുകളിലുള്ളവർക്കും ദുരന്ത സ്ഥലത്ത് വീടുകളിൽ താമസിക്കുന്നവർക്കും ഈ സേവനം ലഭ്യമാക്കുമെന്നും വീണാജോർജ് അറിയിച്ചു.**

✪✪✪

**ദുരന്തബാധിതർക്ക് നിപ്മറിൽ ടെലി കൗൺസിലിംഗ് സംവിധാനം ആരംഭിച്ചതായി മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. പ്രകൃതിദുരന്ത**

ബാധിതർക്ക് മാനസികാരോഗ്യ പിന്തുണ നൽകുന്നതിനാണ് സംവിധാനമെന്നും മന്ത്രി പറഞ്ഞു.

✪✪✪

പുനരധിവാസം പൂർത്തിയാകുന്നത് വരെ പൊതുമരാമത്ത് വകുപ്പിന്റെ ഒഴിഞ്ഞുകിടക്കുന്ന ക്വാർട്ടേഴ്സുകൾ താമസത്തിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചതായി മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ 27 ക്വാർട്ടേഴ്സുകൾ ഇതിനുവേണ്ടി ഉപയോഗിക്കും. അറ്റകുറ്റപ്പണികൾ നടത്തിയും ചില ക്വാർട്ടേഴ്സുകൾ ഉപയോഗയോഗ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

പ്രളയ ദുരന്തത്തിൽപ്പെട്ട് സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും നഷ്ടമായവർക്ക് ഫീസും നടപടിക്രമങ്ങളും ഒഴിവാക്കി റവന്യൂ അധികൃതരുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഡ്യൂപ്ലിക്കേറ്റ് നൽകാൻ കാലിക്കറ്റ് സർവകലാശാലാ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. വയനാട്ടിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിലാണ് നടപടി.

✪✪✪

നൊബേൽ സമ്മാന ജേതാവ് മുഹമ്മദ് യൂനസിനെ, ബംഗ്ലാദേശിലെ ഇടക്കാല ഗവൺമെന്റ് തലവനായി പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദീൻ നിയമിച്ചു. മൂന്ന് സേനാ മേധാവികളുമായും പ്രക്ഷോഭം നയിക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രതിനിധികളുമായും പ്രസിഡന്റ് ഷഹാബുദ്ദീൻ ഇന്നലെ നടത്തിയ യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനമെടുത്തത്.

ഇടക്കാല ഗവൺമെന്റിലെ മറ്റംഗങ്ങളെ വിവിധ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്ത് തീരുമാനിക്കുമെന്ന് പ്രസിഡണ്ടിന്റെ പ്രസ് സെക്രട്ടറി മുഹമ്മദ് ജോയ്നൽ അബെദിൻ അറിയിച്ചു.
പാർലമെന്റ് പിരിച്ചുവിട്ടതായും അദ്ദേഹം പറഞ്ഞു.

✪✪✪

ഇന്ന് പത്താം ദേശീയ കൈത്തറി ദിനം. കൈത്തറി മേഖലയുടെ പ്രാധാന്യത്തെക്കുറിച്ചും രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിന് നൽകുന്ന സംഭാവനകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനാണ് ദേശീയ കൈത്തറി ദിനം ആഘോഷിക്കുന്നത് .

കൈത്തറി മേഖലയിലെ മികച്ച സംഭാവനകൾക്ക് കൈത്തറി നെയ്ത്തകാർക്ക് സന്ത് കബീർ അവാർഡുകളും ദേശീയ കൈത്തറി അവാർഡുകളും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ന്യൂഡൽഹിയിൽ സമ്മാനിക്കും. ഇന്ത്യൻ കൈത്തറി പാരമ്പര്യങ്ങളിലെ സുസ്ഥിരതയുടെ കാറ്റലോഗും കോഫി ടേബിൾ ബുക്ക് പരമ്പരയും ഉപരാഷ്ട്രപതി പ്രകാശനം ചെയ്യും.

കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രി ഗിരിരാജ് സിംഗ്, വ്യവസായ പ്രതിനിധികൾ, കയറ്റുമതിക്കാർ, ഡിസൈനർമാർ, ആയിരത്തിലധികം നെയ്ത്തുതൊഴിലാളികൾ എന്നിവർ പങ്കെടുക്കും.

ആഘോഷങ്ങളുടെ ഭാഗമായി രാജ്യത്ത് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് കീഴിലെ കണ്ണൂർ വീവേഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പത്താമത് ദേശീയ കൈത്തറി ദിനാഘോഷം രാവിലെ ഇരിണാവ് സർവീസ് കോ ഓപറേറ്റീവ് ബാങ്ക് ഓഡിറ്റോറിയത്തിൽ നടക്കും.

✪✪✪

മൃഗസംരക്ഷണം, ഡയറി, മത്സ്യ ബന്ധനം, തേനീച്ച വളർത്തൽ തുടങ്ങി അനുബന്ധ പ്രവർത്തനങ്ങൾക്ക് കർഷ കർക്ക് ഏഴ് ശതമാനം പലിശ നിരക്കിൽ 3 ലക്ഷം രൂപവരെ ഹ്രസ്വകാല വിള വായ്പകളും ഹ്രസ്വകാല വായ്പകളും നൽകാൻ RBI ബാങ്കുകളോട് ആവശ്യപെട്ടു. കേന്ദ്രത്തിന്റെ പരിഷ്ക്കരിച്ച പലിശ ഒഴിവാക്കൽ പദ്ധതിയുടെ ഭാഗമായാണ് നിർദ്ദേശം. കൃത്യസമയത്ത് വായ്പ തിരിച്ചടയ്ക്കുന്ന കർഷ കർക്ക് 3 ശതമാനം അധിക പലിശ ഇളവ് നൽകണമെന്നും RBI വിജ്ഞാപനത്തിൽ അറിയിച്ചു.

✪✪✪

മാലിന്യമുക്ത കേരളത്തിലേക്ക് ഇനിയും ഏറെ ദൂരം സഞ്ചരിക്കാനുണ്ടെന്നു മന്ത്രി MB രാജേഷ് അഭിപ്രായപ്പെട്ടു. തിരുവനന്തപുരം ആമയിഴഞ്ചാൻ തോടിലെ മാലിന്യ നിർമാർജന പ്രവർത്തനങ്ങളോടെ ഇതിന് ശ്രമങ്ങൾ തുടങ്ങുകയാണെന്നും മന്ത്രി പറഞ്ഞു. ആമയിഴഞ്ചാൻ തോടിനെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ചേർന്ന തമ്പാനൂർ വാർഡ് ജനകീയസമിതി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

**പാരീസ് ഒളിമ്പിക്സിൽ രാജ്യത്തിന് കന്നി സ്വർണമെഡൽ പ്രതീക്ഷയുമായി ഇന്ത്യയുടെ വിനേഷ് ഫോഗട്ട് ഇന്ന് ഗോദയിലിറങ്ങും. വനിതകളുടെ 50 കിലോഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിലാണ് സ്വർണ്ണമോ വെള്ളിയോ ഉറപ്പാക്കി വിനേഷ് മത്സരത്തിനിറങ്ങുന്നത്.**

**ഡെസ്ക് റിപ്പോർട്ട്**

**(വോയ്സ് ...........)**

**സെമിയിൽ ക്യൂബയുടെ യുസ്നെലിസ് ലോപ്പസിനെ വീഴ്ത്തിയാണ് വിനേഷ് ഫോഗട്ട് ഫൈനലിലെത്തിയത്. 5–0നാണ് വിനേഷിന്റെ ജയം. ഇതോടെ, ഒളിംപിക്സ് ഗുസ്തി ഫൈനലിൽ പങ്കെടുക്കുന്ന ആദ്യ ഇന്ത്യൻ വനിതാ താരമെന്ന നേട്ടവും വിനേഷ് ഫോഗട്ട് സ്വന്തമാക്കി. ചാംപ്-ഡി-മാർസ് അരീനയിൽ മാറ്റ് ബിയിൽ ഇന്ത്യൻ സമയം രാത്രി 9.45ന് അമേരിക്കയുടെ സാറ ആൻ ഹിൽഡർബ്രാൻഡിനെയാണ് അവർ നേരിടുക.**

**ഹോക്കിയിൽ ആവേശകരമായ സെമി പോരാട്ടത്തിൽ അവസാന നിമിഷം വരെ പൊരുതിയെങ്കിലും രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് ഇന്ത്യ ജർമനിയോട് തോറ്റു. ടോക്യോയിൽ വെങ്കല മെഡൽ നേടിയ ഇന്ത്യ മെഡൽ ആവർത്തിക്കാൻ നാളെ സ്പെയിനെ നേരിടും.**

**ടേബിൾ ടെന്നിസിൽ സെമിഫൈനൽ പ്രതീക്ഷയിൽ ഇന്ത്യയുടെ മണിക ബത്ര, ശ്രീജ അകുല, അർച്ചന കാമത്ത് എന്നിവർ ഇന്ന് ജർമനിയെ നേരിടും.**

**അത്-ലറ്റിക്സിൽ മാരത്തൺ റേസ് വാക്ക് റിലേ മിക്സഡ് വിഭാഗത്തിൽ സൂരജ് പൻവാറും പ്രിയങ്ക ചൗധരിയും ഇന്ന് ട്രാക്കിലിറങ്ങും. ഹർഡിൽസിൽ ജ്യോതി യർരാജി, ഹൈ ജമ്പിൽ സർവേഷ് അനിൽ കുഷാരെ ട്രിപ്പിൾ ജമ്പിൽ അബ്ദുള്ള നരങ്ങോലിന്റെവിട, പ്രവീൺ ചിത്രവേൽ എന്നിവരും ഇന്ന് മത്സരിക്കും.**

**വനിതകളുടെ വ്യക്തിഗത സ്ട്രോക്ക് പ്ലേയുടെ ഒന്നാം റൗണ്ടിൽ അദിതി അശോകും ദിക്ഷയും ഇന്ന് ഇറങ്ങും. ടോക്കിയോ ഒളിമ്പിക്സിൽ ചെറിയ വ്യത്യാസത്തിലാണ് ഇവർക്ക് വെങ്കല മെഡൽ നഷ്ടമായത്.**

വനിതകളുടെ 49 കിലോഗ്രാം ഭാരോദ്വഹനത്തിൽ ടോക്കിയോ വെങ്കല മെഡൽ ജേതാവ് മീരാഭായ് ചാനു മെഡൽ പ്രതീക്ഷയുമായി ഇന്ന് മത്സരിക്കും.

മൂന്ന് വെങ്കല മെഡലുകളുമായി അറുപത്തിമൂന്നാം സ്ഥാനത്താണ് ഇന്ത്യ. 24 സ്വർണ്ണമുൾപ്പെടെ 86 മെഡലുകളുമായി അമേരിക്കയാണ് ഒന്നാമത്.

✪✪✪

ഇന്ത്യ-ശ്രീലങ്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെ യും അവസാനത്തെയും മത്സരം ഇന്ന്. കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചക്ക് രണ്ടരയ്ക്കാണ് മത്സരം.

രണ്ടാം ഏകദിനത്തിൽ 32 റൺസിന് ജയിച്ച ശ്രീലങ്ക പരമ്പരയിൽ 1-0ന് മുന്നിലാണ്. പരമ്പരയിലെ ആദ്യ മത്സരം സമനിലയിലായിരുന്നു.

✪✪✪